Malayala Manorama -

27
July 2018
Friday
കർക്കടകം 11

മലയാള മ രമ

ABLISHED 1888

# ഡോ.ഭരത് വട്വാനിക്കും സോനം വാങ്ചുക്കിനും മാഗ്സസെ

മനില● ഏഷ്യയിലെ അത്യുന്നത ബഹുമതിയായ രമൺ മാഗ്സസെ അവാർഡ് രണ്ട് ഇന്ത്യക്കാർ ഉൾപ്പെടെ ആറു പേർക്ക്. ഡോ.ഭരത് വട്വാനി, സോനം വാങ്ചുക്ക് എന്നിവരാണു പുരസ്കാര ജേതാക്കളായ ഇന്ത്യക്കാർ.

യൗക് ചാങ് (കംബോഡിയ), മരിയ ഡിലൂർദ് മാർട്ടിൻസ് ക്രൂസ് (കിഴക്കൻ തിമൂർ), ഹൊവാർഡ് ഡീ (ഫിലിപ്പീൻസ്), വോ തി ഹൊയാങ് യെൻ (വിയറ്റ്നാം) എന്നിവരും 50,000 ഡോളറും പ്രശംസാപത്രവും ഉൾപ്പെടുന്ന അവാർഡിന് അർഹരായി.

ഫിലിപ്പീൻസ് പ്രസിഡന്റായിരുന്ന രമൺ മാഗ്സസെയുടെ സ്മരണാർഥം ഏർപ്പെടുത്തിയ പുരസ്കാരം അദ്ദേഹത്തിന്റെ ജന്മദിനമായ ഓഗസ്റ്റ് 31നു സമ്മാനിക്കും.

മനോദൗർബല്യം മൂലം തെരുവിൽ അലഞ്ഞുതിരിയുന്നവർക്കു ഭക്ഷണവും അഭയവും നൽകി, അവരെ തന്റെ ക്ലിനിക്കിൽ കൊണ്ടുവന്നു ചികിൽസിച്ചു ബന്ധുക്കളെ ഏൽപിച്ചുവിടുന്ന സൽക്കർമത്തിനാണു ഡോ.ഭരതിന് അവാർഡ്. ഇതിനായി ഡോ.ഭരതും ഭാര്യയും ചേർന്ന് 1998ൽ ശ്രദ്ധ പുനരധിവാസ ഫൗണ്ടേഷൻ രൂപവൽക്കരിച്ചിരുന്നു.



ഭരത് വട്വാനി



സോനം വാങ്ചുക്ക്

'ത്രീ ഇഡിയറ്റ്സ്' എന്ന സിനിമയിൽ നായകനായ ആമിർഖാന്റെ കഥാപാത്രമായ റാഞ്ചോയ്ക്കു പ്രചോദനമായതു സോനം വാങ്ചുക്കിന്റെ പ്രവർത്തനമായിരുന്നു. ലഡാക്കിലെ കുട്ടികളുടെ പഠനനിലവാരം ഉയർത്താനുള്ള ചിട്ടയാർന്ന പ്രവർത്തനത്തിലൂടെയാണു സോനം ശ്രദ്ധേയനായത്. 1996ൽ ലഡാക്കിൽ അഞ്ചു ശതമാനം പേർ മാത്രമാണു മെട്രിക്കുലേഷൻ ജയിച്ചിരുന്നത്. പരസ്പരം സഹായിച്ചുള്ള പഠനമാർഗം അവലംബിച്ചു 2015ൽ വിജയശതമാനം 75 ആക്കി ഉയർത്താൻ സോനത്തിനു കഴിഞ്ഞു.